# സാഹിതി

വാർത്താപത്രിക 3

കേരള
സാഹിത്യ അക്കാദമി

ദേശീയപുസ്തകോൽസവം 2019
എഴുത്തരങ്ങ് സാംസ്കാരികോൽസവം







# ഭാഗ്യം, അടുക്കളത്തള്ളയായില്ല

മ്യൂസ് മേരി

ഓരോ കാലത്തും ഓരോരോ വായനകൾ. പ്രൈമറിസ്കൂൾകാലത്ത് ഇഷ്ടം നൂറ്റൊന്ന് ബാലകഥകൾ, മാലിരാമായണം ഒക്കെ. നൂറ്റൊന്ന് ബാലകഥകൾ ലോകത്തിന്റെ പല നാടുകളിലെ തനതുകഥകൾ ആയിരുന്നു. സിൻഡ്രെല്ല, സ്നോവൈറ്റ്, ഏഴ് ആങ്ങളമാരുടെ പെങ്ങളുടെ കഥ, യഥാർത്ഥ രാജകുമാരി ഒക്കെ ആ കഥാ പുസ്തകത്തിൽ ഉണ്ടായിരുന്നു. പിന്നെ ഡിറ്റെക്റ്റീവ് നോവലുകളുടെ വായാനാകാലം. ആറ് ഏഴ് ക്ലാസുകൾ. പിന്നെ ഒമ്പതാം ക്ലാസ് മുതൽ എന്തും വായിക്കും.

ടാർസൻ സീരീസ്, ഡ്രാക്കുള, മുകുന്ദന്റെ മയ്യഴിപ്പുഴയുടെ തീരങ്ങളിൽ തുടങ്ങി എല്ലാം. ഡോസ്റ്റോവ്സ്കിയുടെ കുറ്റവും ശിക്ഷയും, നിന്ദിതരും പീഡിതരും ഒക്കെ ഇക്കാലത്ത് വായിച്ചു. അന്നാകരിനീനയും സ്വാതന്ത്ര്യം അർധരാത്രിയിലും പദ്മ മേഘ്നയുമൊക്കെ വായിക്കുന്നത് പത്താം ക്ലാസിലെ സ്റ്റഡി ലീവിലാണ്. പിന്നെ ഇഷ്ടങ്ങൾ മാറി. ആനന്ദ്, സുഗതകുമാരി, മാധവിക്കുട്ടി ഒക്കെ അസ്ഥിയിലേക്ക് കയറി. കുമാരനാശാനെ കൂടുതൽ ശ്രദ്ധിച്ചു. സാർത്രിന്റെ നാടകങ്ങൾ വായിക്കുന്നതും ഇക്കാലത്ത്. അസംപ്ഷൻ സ്കൂൾ ലൈബ്രറി, കാഞ്ഞിരപ്പള്ളി സഹൃദയ ലൈബ്രറി, മുണ്ടക്കയം പഞ്ചായത്ത് ലൈബ്രറി ഒക്കെ വായനാക്കമ്പത്തെ തൃപ്തിപ്പെടുത്തിയ ഇടങ്ങൾ. കടമ്മനിട്ടയും അയ്യപ്പപ്പണിക്കരും കക്കാടും അക്ഷരങ്ങളും വരികളും ആയി കൂടെ നടന്ന കാലം. പുസ്തകങ്ങൾ വാങ്ങിത്തന്ന പപ്പ, പുസ്തകങ്ങൾ വായിക്കാൻ കൊണ്ടുവന്നു തന്ന ആങ്ങളമാർ, ഏതുപുസ്തകവും കണ്ടുപിടിച്ചുതന്നിരുന്ന സന്തോഷ് എന്ന കൂട്ടുകാരൻ. ഇവരൊക്കെ ഇല്ലായിരുന്നെങ്കിൽ ഞാനൊരു ‘അടുക്കളത്തള്ള’ മാത്രമായേനെ. അക്ഷരം എനിക്ക് അതിജീവനവും സ്വാതന്ത്ര്യവും ആയിരുന്നു, ബാല്യകൗമാരയൗവനാരംഭകാലങ്ങളിൽ. ●



അവതരണം : രാമചന്ദ്രപുലവരും സംഘവും
തോൽപാവക്കൂത്ത് കലാകേന്ദ്രം, ഷൊർണൂർ

ഫെബ്രുവരി 4 തിങ്കൾ 7 മണി

# അനുഷ്ഠാനകലയുടെ സൗന്ദര്യം

**കേ**രളത്തിന്റെ പാരമ്പര്യനിഴൽനാടകശൈലിയാണ് തോൽപാവക്കൂത്ത്. ഒരു ജനസമൂഹത്തിന്റെ ആസ്വാദനരീതിയെ ആഴത്തിൽ സ്വാധീനിച്ച സാമൂഹ്യപരിഷ്കാരത്തിന്റെ ഉദാത്തമാതൃകയാണ് തോൽപാവക്കൂത്ത്. ദൃശ്യഭംഗി കൊണ്ടും ഐതിഹ്യസമൃദ്ധികൊണ്ടും ഏറെ സമ്പന്നമാണത്.

പാലക്കാട്ടും പരിസരപ്രദേശങ്ങളിലുമുള്ള ദേവീക്ഷേത്രങ്ങളിലെ 'കൂത്തുമാട'ങ്ങളിൽ അനേകം നൂറ്റാണ്ടുകളായി ഈ കലാരൂപം അവതരിപ്പിച്ചുവരുന്നു. തമിഴ് കവിയായ കമ്പർ എഴുതിയിട്ടുള്ള കമ്പരാമായണത്തെ മുഖ്യമായും ആസ്പദമാക്കിയാണ് തോൽപാവക്കൂത്തിലൂടെ രാമായണകഥ ചിട്ടപ്പെടുത്തിയിട്ടുള്ളത്. കഥാപാത്രങ്ങളുടെ സംഭാഷണങ്ങളും കഥ പറയുന്ന ശൈലിയും വായ്മൊഴിപാരമ്പര്യത്തിലൂടെ അനേകതലമുറകളിലൂടെ പാവകളികലാകാരന്മാർക്ക് ലഭിച്ചിട്ടുള്ളതാണ്. പൈതൃകമായി പിന്തുടരുന്നുവരുന്ന ഈ കലാരൂപം പഠിക്കാൻ ഇപ്പോൾ ധാരാളം പേർ തയ്യാറായിവരുന്നുണ്ട്. ചമയങ്ങൾ, പശ്ചാത്തലം, സംഗീതം, വാദ്യോപകരണങ്ങൾ, പ്രദർശരീതി എന്നിവയെല്ലാം ഗുരുമുഖത്തുനിന്ന് നേരിട്ടാണ് പഠിച്ചുവരുന്നത്.

ബാലകാണ്ഡം, അയോദ്ധ്യാകാണ്ഡം, ആരണ്യകാണ്ഡം, കിഷ്കിന്ധാകാണ്ഡം, സുന്ദരകാണ്ഡം, യുദ്ധകാണ്ഡം എന്നിങ്ങനെ ആറ് ഭാഗങ്ങളായാണ് കൂത്ത് അവതരിപ്പിക്കുന്നത്. കൂത്തിന് ഉപയോഗിക്കുന്ന പദ്യത്തേയും ഗദ്യത്തേയും ഒന്നിച്ചുപറയുന്ന പേരാണ് ആടൽപറ്റ്. കൂത്തിന് ഉപയോഗിക്കുന്ന പദ്യങ്ങളെ മാത്രം കൂത്തുകവികൾ എന്നാണ് പറയുന്നത്. കൂത്തുകവികൾക്ക് പുലവർ നൽകുന്ന വിശദീകരണമാണ് ആടൽപറ്റിലെ ഗദ്യഭാഗം. സാന്ദർഭികമായി പല കഥകളും ഉപകഥകളും തമാശകളും പറയുന്നതിനുള്ള സ്വാതന്ത്ര്യം കൂത്തുകലാകാരന്മാർക്കുണ്ട്. ഇതാണ് കൂത്തിന്റെ ആസ്വാദ്യത വർധിപ്പിക്കുന്നത്. തുടർച്ചയായി വരുന്ന ഇരുപത്തൊന്ന് ദിവസങ്ങളിലായിട്ടാണ് കൂത്ത് അവതരിപ്പിച്ചുവരിക.

ലോകത്തിലെ ഏറ്റവും പ്രാചീന കലാരൂപങ്ങളിൽ ഒന്നാണിത്. ഏത് മുതിർന്ന് ഒരാളേയും കുട്ടിക്കാലത്തേക്ക് തിരികേ ക്ഷണിച്ചുകൊണ്ടുപോവുന്ന നിഴൽനാടകമാണിത്. കഥപറച്ചിലിലൂടെ മറ്റൊരു സങ്കൽപലോകത്തേക്ക് കൊണ്ടുപോവുന്ന മാസ്മരികത തന്നെയാണ് ഈ അനുഷ്ഠാനകലയുടെ പ്രാധാന്യം. ●




# വായനയുടെ വസന്തം



അരവിന്ദൻ പണിക്കശ്ശേരി

ഷാർജയിൽ ഞങ്ങൾ അംഗങ്ങളായിരുന്ന ഇന്ത്യൻ അസോസിയേഷന് തുടക്കംമുതലേ മികച്ചൊരു ഗ്രന്ഥശാല ഉണ്ടായിരുന്നു. പുസ്തകങ്ങളും ആനുകാലികപ്രസിദ്ധീകരണങ്ങളുമൊക്കെ കിട്ടാൻ അന്ന് പ്രയാസമായിരുന്നു. പത്രംപോലും മൂന്നും നാലും ദിവസം വൈകിയാണ് എത്തിയിരുന്നത്.

ലേബർ ക്യാംപുകളിലും മറ്റും കഴിയുന്ന തൊഴിലാളികൾ അവധിദിവസങ്ങളിൽ ടൗണിൽ വരുമ്പോൾ ഈ ഗ്രന്ഥശാലയെ ഉപയോഗപ്പെടുത്തിപ്പോന്നു. ഓരോ വർഷവും പുതിയ പുസ്തകങ്ങൾ ഉൾപ്പെടുത്തി ഗ്രന്ഥശാലയെ വിപുലപ്പെടുത്തുവാൻ ഭരണസമിതിയും ഉൽസാഹിച്ചു. അന്ന് ഗൾഫിലുണ്ടായിരുന്ന ടി.വി.കൊച്ചുബാവ, പി.കണ്ണൻകുട്ടി, സുറാബ്, സ്വർണം സുരേന്ദ്രൻ തുടങ്ങി എഴുത്തുകാർ ഈ ഗ്രന്ഥശാലയിലെ നിത്യസന്ദർശകരായിരുന്നു.

വായനയാണ് പ്രവാസത്തെ സഹിതമാക്കിയത്. ഏതാൾക്കൂട്ടത്തിനിടക്കും വായിക്കാൻ അൽപം സ്ഥലം കണ്ടെത്തുവാൻ ഞങ്ങൾക്ക് കഴിഞ്ഞു. നാട്ടിൽ തിരിച്ചെത്തിയപ്പോഴാണ് വായനയുടെ അപര്യാപ്തതയെക്കുറിച്ച് ഉൽകണ്ഠപ്പെടേണ്ടിവന്നത്. ഗ്രാമത്തിന്റെ ചാലകശക്തിയായിരുന്ന ഗ്രാമീണവായനശാലകളും കലാസാഹിത്യസംഘടനകളും പൂരക്കമ്മിറ്റി ആപ്പീസുകളായി മാറിക്കഴിഞ്ഞിരിക്കുന്നു. സാഹിത്യതൽപരരായ യുവാക്കൾക്കുപോലും വായനാശീലം കുറഞ്ഞുവരുന്നു.

പ്രസാധകരും മറ്റും സംഘടിപ്പിക്കുന്ന പുസ്തകമേളകളിൽ യുവാക്കളുടെ പ്രാതിനിധ്യം നന്നേ കുറവാകുന്നു. ഷാർജയിൽ വർഷാവർഷം നടക്കുന്ന അന്തർദേശീയപുസ്തകോൽസവം പ്രവാസി മലയാളികൾക്ക് സുപരിചിതമാണ്. തദ്ദേശീയരേക്കാൾ ഈ പുസ്തകോൽസവത്തിലെ നിത്യസന്ദർശകർ മലയാളികളാണെന്ന വസ്തുത അഭിമാനമുളവാക്കുന്നതാണ്. കാഴ്ചക്കാരായി വന്നുപോവുകയല്ല, ട്രോളികളിൽ പുസ്തകങ്ങൾ വാങ്ങിനിറച്ച് മലയാളികുടുംബങ്ങൾ നിരത്തുകളിലൂടെ നീങ്ങുന്ന കാഴ്ച വിസ്മയം ജനിപ്പിക്കാറുണ്ട്.

കേരള സാഹിത്യ അക്കാദമി കഴിഞ്ഞ കുറച്ച് വർഷങ്ങളായി നടത്തിവരുന്ന ദേശീയപുസ്തകോൽസവം ഈ വഴിക്കുള്ള ഒരു കാൽവെപ്പായിട്ടാണ് മനസ്സിലാക്കുന്നത്. വായനയെ തിരിച്ചുപിടിക്കുവാൻ അക്കാദമിതന്നെ മുൻകൈയെടുത്ത് പ്രവർത്തിക്കുന്നത് ശുഭോദർക്കമാണ്. ●

# കാട്ടുകടന്നൽ

## വിമോചനത്തിന്റെ ഇതിഹാസം






ലിസി

കൗമാരകാലത്ത് വായിച്ചുകൂട്ടിയ പുസ്തകങ്ങളിൽ എന്നെ ഏറെ സ്വാധീനിച്ച നോവലാണ് ഏഥ്ൽ ലിലിയൻ വോയ്നിച്ചിന്റെ കാട്ടുകടന്നൽ (The Gadfly). ചിന്ത പബ്ലിക്കേഷൻസ് 1976ൽ ഇറക്കിയ ആദ്യപതിപ്പ് തന്നെ വായിക്കാനുള്ള ഭാഗ്യമുണ്ടായത് വീട്ടിലെ വായനാന്തരീക്ഷമാണ്. ലൈബ്രറിയിൽ നിന്നെടുത്ത പുസ്തകം ഒറ്റ ദിവസംകൊണ്ട് ഉറക്കമൊഴിച്ച് വായിച്ചുതീർത്തത് ഇന്നുമോർക്കുന്നു. കുമ്പസാരരഹസ്യം ഒരിക്കലും പുറത്തുപറയില്ലെന്ന് വിശ്വസിച്ചിരുന്ന ഈ നോവലിലെ നായകൻ ആർതറിന്, അത് പുറത്തുപറഞ്ഞ വൈദികനോടും സഭയോടും ഉണ്ടായ ആത്മരോഷം നോവൽ വായിച്ച എന്നിലെ കൗമാരക്കാരിക്കും ഉണ്ടായി. ഈ നോവൽ എന്നിലുണ്ടാക്കിയ നടുക്കം അതിവിപുലമായിരുന്നു. ഗെമ്മ എന്ന കഥാപാത്രം എന്നെ പിടിച്ചുലച്ചു. ഒരു യാഥാസ്ഥിതിക ക്രിസ്ത്യൻ അന്തരീക്ഷത്തിൽ ജീവിച്ചുവന്ന എന്നിൽ ആചാരാനുഷ്ഠാനങ്ങൾക്ക് മീതെയാണ് മതത്തിന്റെ മാനുഷിക മൂല്യങ്ങൾ എന്ന അറിവ് ഉളവാക്കിത്തന്നതിൽ ഈ നോവലിന് ഏറെ പങ്കുണ്ട്. സ്വതന്ത്രമായും യുക്തിഭദ്രമായും ചിന്തിക്കാനും പ്രേരണയായി എന്നത് അതിശയോക്തിയല്ല. അതിയായ ധീരത, സ്വന്തം ആദർശങ്ങളിൽ ഉറച്ച വിശ്വാസം, ആത്മീയലോകത്തിന്റെ ധന്യതയും പ്രകാശവും, മരണം അനിവാര്യമാണെങ്കിലും അവസാനവിജയത്തിലുള്ള ഉള്ളുറപ്പുമായി ജീവിക്കുന്ന ഒരു ധീരന്റെ രൂപം, സ്വപ്നം കാണാനും പലപ്പോഴും ആർതറും ഒരേസമയം ഗെമ്മയാവുകയും ചെയ്യുന്ന മാനസികപ്രതിഭാസം അനുഭവിച്ചറിയുവാനും കഴിഞ്ഞു. വായന തന്ന അതിസമ്പുഷ്ടമായ ബാല്യവും കൗമാരവും എന്നിലെ എഴുത്തുകാരിയെ ദൃഢപ്പെടുത്തുന്നതിൽ ഏറെ പങ്കുവഹിച്ചിട്ടുണ്ട്. നീതിബോധവും ധാർമികതയും ശിഥിലമായിക്കൊണ്ടിരിക്കുന്ന ഈ കാലത്ത് മതേതരമൂല്യങ്ങളേക്കാൾ പ്രാകൃതമായ അനുഷ്ഠാനങ്ങളാൽ തുല്യനീതി നിഷേധിക്കപ്പെടുകയും മാനവികത മുറിപ്പെടുകയും ചെയ്യുന്ന ഈ കെട്ട കാലത്ത് കാട്ടുകടന്നൽ എന്ന നോവലിന്റെ വായനക്ക് ഏറെ പ്രസക്തിയുണ്ട്. ●




# കലകളുടെ നിറഞ്ഞാട്ടക്കാലം

തൃശൂർ സാംസ്കാരികതലസ്ഥാനം എന്ന വിശേഷണത്തിന് അർഹമാകുന്നത് സാഹിത്യപ്രവർത്തനങ്ങളുടേയും കലാസാംസ്കാരിക പ്രവർത്തനങ്ങളുടേയും അതിമഹത്തായ പാരമ്പര്യം കൂടുതൽ തിളക്കി പിന്തുടരുന്നതുകൊണ്ടാണ്. കേരളത്തിലെ നവോത്ഥാനപ്രസ്ഥാനം രൂപപ്പെട്ടതിന്റെ അണിയറശിൽപികളിൽ പ്രധാനപ്പെട്ട പലരുടേയും ജന്മദേശവും കർമസ്ഥലിയുമാണ് ഇവിടം. ഓർമ വെച്ച ചരിത്രകാലം മുതൽ ശക്തന്റെ തട്ടകം സാംസ്കാരികപ്രബുദ്ധതയുടെ ഫലഭൂയിഷ്ഠമായ മണ്ണായിരുന്നു. മൂല്യങ്ങളുടേയും നന്മകളുടേയും ഒരായിരം നാമ്പുകൾ ഇവിടെ കുരുത്തു. തേക്കിൻകാട് അന്നുമിന്നും മതേതര ജനാധിപത്യപൊതുമണ്ഡലത്തിന്റെ ആസ്ഥാനമായി നിലകൊള്ളുന്നു. സ്വാതന്ത്ര്യപൂർവരാഷ്ട്രീയത്തിൽ ബ്രിട്ടീഷ് മലബാറിന്റേയും കൊച്ചിരാജ്യത്തിന്റേയും അതിർത്തികൾ പങ്കുവെച്ചിരുന്ന ഈ ഭൂപ്രദേശം കേരളത്തിന്റെ സാംസ്കാരികവികാസപരിണാമത്തിൽ പക്വമായ ഇടപെടലുകൾ നടത്തിയിട്ടുണ്ട്.

സ്വാതന്ത്ര്യസമരകാലത്തെ ധീരസ്വപ്നങ്ങൾ പൂത്തുലഞ്ഞ മണികണ്ഠനാൽത്തറയും വിദ്യാർത്ഥികോർണറും ഉൾപ്പെടുന്ന തേക്കിൻകാട് തൃശൂരിന് ജീവശ്വാസം പകരുന്ന സാംസ്കാരിക സ്ഥലിയാണ്. വിശ്വപ്രസിദ്ധമായ തൃശൂർപൂരം കേരളീയകലകളുടെ സമഞ്ജസമായ സംഗമവേദി കൂടിയാണ്. പരിവർത്തനത്തിനുവേണ്ടിയുള്ള പടയോട്ടങ്ങൾ ഇരമ്പിക്കയറിയ 1950കളിലും 60കളിലും പാട്ടിന്റേയും നാടകത്തിന്റേയും രംഗവേദിയായി തൃശൂർ പട്ടണം മാറി. കേരളത്തിൽ ആദ്യത്തെ ചലച്ചിത്രപ്രദർശനം നടന്ന (1907) കൊട്ടക തെക്കേനടയുടെ ഒരൽപം കിഴക്കുമാറിയിട്ടായിരുന്നു. കവിതയുടെ സ്വരം വേറിട്ട് കേൾപ്പിച്ച ഈ നഗരം മഹാമനീഷികളായ എഴുത്തുകാരുടെ വെടിവട്ടങ്ങൾക്ക് കാതോർത്തു. കഥകളിയരങ്ങിലെ കാവ്യമുദ്രകൾക്കുവേണ്ടി ഉറക്കമിളച്ച രാപ്പാതികൾ വടക്കുംനാഥനിലെ കൂത്തമ്പലത്തെ പ്രഭാപൂർണമാക്കി. കേരളപ്പിറവിക്കുമുമ്പേ സ്ഥാപിതമായ കേരളസാഹിത്യ അക്കാദമിയുടേയും തുടർന്ന് രൂപീക



രിക്കപ്പെട്ട സാംസ്കാരികസ്ഥാപനങ്ങളുടേയും ആസ്ഥാനങ്ങൾ തൃശൂരിനെ കൂടുതൽ പ്രശസ്തമാക്കി.

അന്തർദേശീയനാടകോൽസവത്തിന്റെ (ITFoK) പതിനൊന്നാം പതിപ്പ് അരങ്ങേറിയിട്ട് നാളുകൾ കഴിയുന്നതേയുള്ളൂ. വിശ്വനാടകലോകം തൃശൂരിലേക്ക് ഇറങ്ങിവരുമ്പോൾ അത് ദേശീയശ്രദ്ധ നേടിയ വിസ്മയമായി മാറുന്നു. ചലച്ചിത്രോൽസവങ്ങൾ ആവർത്തിച്ചരങ്ങേറുന്നത് ഇവിടത്തെ ദൃശ്യസാക്ഷരതയുടെ ആഴപ്പരപ്പ് എടുത്തുകാണിക്കുന്നു. ചുരുക്കത്തിൽ, തൃശൂരിന്റെ ദേശപ്പെരുമക്ക് അടിത്തറയും ആകാശവും ഒരുക്കുന്നത് കലാസാഹിത്യപ്രവർത്തനങ്ങളാണ്. ഈ സാംസ്കാരികസമൃദ്ധിയെ മുന്നോട്ടുകൊണ്ടുപോകാൻ ഉൽസുകരാണ് പുതിയ തലമുറ.

തൃശൂരിന്റെ സാംസ്കാരികസജീവതക്ക് ചാർത്തിക്കിട്ടിയ തിളക്കമുറ്റ പൊൻതൂവലാണ് ദേശീയപുസ്തകോൽസവം. എഴുത്തുകാരുടേയും കലാകാരന്മാരുടേയും ആശയവിനിമയങ്ങൾക്കും സർഗസംവേദനങ്ങൾക്കും അക്കാദമി അങ്കണം കാതോർക്കുന്ന ദശദിനരാത്രങ്ങൾ. പുസ്തകോൽസവവേദിയിൽ മുടങ്ങാതെ എത്തിച്ചേരുക എന്നതുതന്നെ ഒരു വലിയ നേട്ടമായി കരുതുന്ന കലാകാരന്മാരും സഹൃദയരുമാണ് ഈ സാംസ്കാരികോൽസവത്തെ ധന്യമാക്കുന്നത്. ഇവിടുത്തെ പങ്കാളിത്തത്തെ അംഗീകാരത്തിന്റെ സുവർണവേളയായി പരിഗണിക്കുന്ന പ്രസാധകർ സംതൃപ്തരായാണ് മടങ്ങുക.

പുസ്തകപ്രേമികളുടെ തിരക്കിലലിയുന്ന സായാഹ്നങ്ങൾ അറുപത്തിമൂന്ന് വയസ്സെത്തിയ അക്ഷരത്തറവാട്ടുമുറ്റത്തെ ഹൃദ്യമാക്കുന്ന ഒരു കാഴ്ചയാണ്. പടിപടിയായി രൂപപ്പെട്ട ഒരു പ്രവർത്തനഘടന പുസ്തകോൽസവദിനങ്ങളെ ആകർഷവും അർത്ഥപൂർണവുമാക്കുന്നു. തൃശൂർ ദേശത്തിന്റെ അടയാളമുദ്രകളിലൊന്നായി മാറിയ ഈ മഹാമേള മറ്റിടങ്ങളിൽ അരങ്ങേറുന്ന ഇത്തരം പരിപാടികൾക്ക് ഒരു വിശിഷ്ടമാതൃകയായി മാറിക്കഴിഞ്ഞിട്ടുണ്ട്.

കേരളീയരെപ്പോലെ പുസ്തകങ്ങളെ നെഞ്ചോട് ചേർത്തുപിടിക്കുന്ന ഒരു ജനത മറ്റെങ്ങുമുണ്ടാകില്ല. സാംസ്കാരികനഗരിയായ തൃശൂർ കേരളത്തിന് വഴികാട്ടിയായി മാറുന്നതിൽ നമുക്ക് അഭിമാനിക്കാം. ആയുധങ്ങളുടേയും ഭയത്തിന്റേയും നിഴലിൽ ജീവിക്കുന്ന നമ്മുടെ രാജ്യത്തിന് തെരഞ്ഞെടുക്കാവുന്ന പ്രബുദ്ധതയുടെ ഒരു പാത തീർച്ചയായും തൃശൂരിൽനിന്നുള്ളതാണ്. കലാപോന്മുഖതയുടെ ഈ ഇരുണ്ട കാലത്ത്, വായനയിലൂടെ അതിജീവനസാധ്യതയുണ്ടെന്ന് തെളിയിക്കുന്നു, തൃശൂർ നഗരം. ●






ഏവർക്കും സ്വാഗതം

Edited, Printed and Published by Dr.K.P.Mohanan (Secretary) for Kerala Sahitya Akademi, Thrissur - 20
For internal circulation only | Phone & Fax : 0487 2331069 | email : keralasahityaakademi@gmail.com
Printed at ColorMode, Thrissur | Photo : Monalisa | Design : Roy Akkara